**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **23-01-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മികവിന്റെ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രം ആയി കേന്ദ്രസക്കാർ പ്രഖ്യാപിച്ചത് എന്തൊക്കെ ഘടകങ്ങൾ പരിഗണിച്ചാണെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ എമർജൻസി വിഭാഗത്തെ ട്രോമ കെയറിന്റെയും ബേൺസ് ചികിത്സയുടെയും സെൻറർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുണ്ട്. പരിക്കുകളുടെയും പൊള്ളലിന്റെയും പ്രതിരോധത്തിനും മാനേജ്മെന്റിനുമുള്ള ദേശീയ പരിപാടിയുടെ (NPPMT & BI) ഭാഗമായാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ രാജ്യത്തെ 8 പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളെ സെൻറർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തത്.<br><br>കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിനെ അപൂർവ രോഗങ്ങൾക്കുള്ള മികവിന്റെ കേന്ദ്രമായി (Centre of excellence for Rare diseases) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ച ചെക്ക് ലിസ്റ്റ് പ്രകാരം ജനിതക രോഗ നിർണയത്തിനും അതിന് ചികിത്സിക്കുന്നതിനുമുള്ള ഇൻഫ്രാ സ്ട്രക്ച്ചറൽ ഫെസിലിറ്റീസ് (ward, lab, prenatal diagnosis) ജനിതക രോഗവിദഗ്ധന്റെ സേവനം, രോഗികളുടെ കണക്ക് എന്നിവ പരിശോധിച്ച് കേന്ദ്ര സംഘം വിലയിരുത്തിയ ശേഷമാണ് ഇത് പ്രഖ്യാപിച്ചത്. |
| (ബി) | ഇതിന്റെ ഫലമായി ലഭിക്കുന്ന തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സെൻറർ ഓഫ് എക്സലൻസ് പ്രകാരം ഓരോ വർഷവും രണ്ടു കോടി രൂപ വീതം മെഡിക്കൽ കോളേജിന് ലഭിക്കും. 2024-25 വർഷത്തിൽ 2 കോടിയും 2025-26 വർഷത്തിൽ 2 കോടിയും ഉൾപ്പെടെ 4 കോടി രൂപയാണ് ലഭ്യമാകുന്നത്. സംസ്ഥാനത്തെ ട്രോമ, ബേൺസ് ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്താൻ സെൻറർ ഓഫ് എക്സലൻസിലൂടെ സാധിക്കും. പരിശീലനം, സ്കിൽ ഡെവലപ്മെൻറ്, ഗവേഷണം, നൂതനാശയങ്ങൾ, സാങ്കേതിക വിദ്യ, നവീന രീതികൾ പിന്തുടരൽ, |

| | | | |
|---|---|---|---|
| | | | അവബോധം, ഉപകരണങ്ങൾ എന്നിവയ്ക്കായിരിക്കും സെൻറർ ഓഫ് എക്സലൻസ് തുക വിനിയോഗിക്കുക.<br><br>അപൂർവ രോഗങ്ങൾക്കുള്ള മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചതിന്റെ ഫലമായി ലഭിക്കുന്ന തുകയിൽ 5 കോടി രൂപ ഫെസിലിറ്റി ഇംപ്രൂവ് ചെയ്യുന്നതിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനുമാണ് അനുവദിക്കുന്നത്. |
| (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ മറ്റ് ജില്ലകളിലെ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കാൻ തീരുമാനം എടുക്കുമോയെന്ന് അറിയിക്കാമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ മറ്റ് ജില്ലകളിലെ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ